പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .6182 — 08.07.2014 ൽ മറുപടിക്ക്

**ആധാർ കാർഡുകൾക്ക് പകരമായി ദേശീയ ജനസംഖ്യ രജിസ്റ്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ കെ.എൻ.എ ഖാദർ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി )** |
| (എ) ആധാർ കാർഡുകൾക്കു പകരമായി ദേശീയ ജനസംഖ്യ രജിസ്റ്റർ മതിയെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഏറ്റവും കൂടുതൽ ആധാർ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിൽ എല്ലാ പൗരന്മാർക്കും ഏറ്റവും ആധികാരികമായ തിരിച്ചറിയൽ കാർഡ് ആയി ആധാറിനെ മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) 24-11-2011 ലെ സർക്കാർ ഉത്തരവ് നം. GO(Rt) No.213/2011/ITD പ്രകാരം, ആധാർ കാർഡ് സർക്കാർ വകുപ്പുകളുടേയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും ആധികാരിക തിരിച്ചറിയൽ രേഖയായും മേൽവിലാസം തെളിയിക്കുന്ന രേഖയായും അംഗീകരിച്ചിട്ടുണ്ട്. |
| (സി) ആധാറിനു പുറമെ ദേശീയ ജനസംഖ്യ രജിസ്റ്ററിൽ കൂടി പേരും വിവരവും ഉൾപ്പെടുത്തുവാൻ ഇനിയും ജനങ്ങളെ നിർബന്ധിക്കുമോ ; | (സി) ആധാർ, ദേശീയ ജനസംഖ്യ രജിസ്റ്റർ, എന്നീ വിഷയങ്ങളിൽ കേന്ദ്ര സർക്കാരാണ് തീരുമാനം കൈക്കൊള്ളുന്നത്. |
| (ഡി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ഡി) കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന് വിധേയമായി മാത്രമേ മറ്റു നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**